കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മറ്റത്തൂർ ഗ്രാമപഞ്ചായത്ത്

# 2016-17

# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.6)1419/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-680 020.
ഫോൺ നമ്പർ -0487 2331249

e-mail: dotsr.ksad@kerala.gov.in
തീയതി: 23.11.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മറ്റത്തൂർ ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം: മറ്റത്തൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-6, ഭാഗം 3 ലെ 3-6, 3-21,3 -22 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

<u>പകർപ്പ് :</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി.6)1419/17 തീയതി.23.11.2017

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17
സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിന്റെ 1.04.2016 മുതൽ 31.3.2017 തിയ്യതി വരെയുള്ള വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.08.17 മുതൽ 22.08.17 വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

| | |
|---|---|
| ശ്രീമതി. ആശ എം.വി | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.ചൈതന്യ പുരുഷോത്തമൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.സോന.കെ.സത്യൻ | ഓഡിറ്റർ |
| ശ്രീമതി. വിനീത.ടി | ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. പി.സി.സുബ്രൻ<br>01-04-2016 മുതൽ 31.03.17 വരെ | |
| സെക്രട്ടറി | ബിന്ദു.കെ, അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 1-04-2016 മുതൽ<br>18-11-2016 വരെ |
| | ഷാജി.ജെ.ചിറ്റിലപ്പിള്ളി | 19-11-2016 മുതൽ<br>29-12-2016 വരെ |
| | ബിന്ദു.കെ., അസി.സെക്രട്ടറി (സെക്രട്ടറി ഇൻ ചാർജ്ജ്) | 30-12-2016 മുതൽ<br>7-2-2017 വരെ |
| | പ്രജീഷ്.പി | 8-02-2017 മുതൽ<br>10-02-2017വരെ |
| | ഷാജി.ജെ.ചിറ്റിലപ്പിള്ളി | 11-02-2017 മുതൽ<br>31-03-2017വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഓംപ്രകാശ്.ബി.ആർ | 1.4.16 മുതൽ<br>31.3.17 വരെ |
| കൃഷി ഓഫീസർ | സുരേഷ്.സി | 1.4.16 മുതൽ<br>31.3.17 വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ഡോ. ശിൽപ ബേബി. | 1.4.16 മുതൽ<br>31.3.17 വരെ |
| വെറ്ററിനറി സർജൻ | ഡോ. എൽദോ | 1.4.16 മുതൽ<br>31.3.17 വരെ |
| പ്രധാനാദ്ധ്യാപകൻ, ജി.യു.പി.എസ്., ലൂർദ്ദ്പുരം | ശ്രീ.ജോസ് മാത്യു | 1.4.16 മുതൽ<br>31.3.17 വരെ |
| വി.ഇ.ഒ. | ശ്രീ.ആൽജോ ചെറിയാൻ | 1.4.16 മുതൽ<br>31.3.17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ഫിലോമിന ടീന | 01.04.2016 മുതൽ<br>25-07-2016 വരെ |
| | ശ്രീമതി. വാണി.വി.എം | 26-07-2016 മുതൽ<br>31-03-2017 വരെ |

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി. ബിന്ദു.കെ | 1.4.16 മുതൽ 31.3.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ഇഷ മുരളി | 1.4.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം



| ക്രമ നമ്പർ | ഭാഗം -1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധന വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം – 2 | |
| 12 | ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ് | 2-1 |
| 13 | തൊഴിൽ നികുതി അടവാക്കിയില്ല | 2-2 |
| 14 | പരസ്യ നികുതി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ് | 2-3 |
| 15 | പെർമിറ്റ് ഫീ കുറവായി ഈടാക്കി | 2-4 |
| 16 | തെറ്റായ പ്ലാനിന് അംഗീകാരം | 2-5 |
| 17 | വസ്തു നികുതി നിർണ്ണയം – അപാകത | 2-6 |
| 18 | ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിക്കേണ്ട തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല | 2-7 |
| | ഭാഗം – 3 | |
| 19 | പൊതു ടാപ്പുകളുടെ വെള്ളക്കരം – അധികം തുക അടയ്ക്കുന്നു | 3-1 |
| 20 | കോടാലി – ടാക്സി സ്റ്റാന്റ് കം ബൈപാസ് റോഡ് തുടർ നടപടി | 3-2 |

| | | |
|---|---|---|
| 21 | എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം – പദ്ധതി ലക്ഷ്യം കൈവരിച്ചില്ല | 3-3 |
| 22 | പശു വളർത്തൽ വനിത (എസ്.സി.) – സബ്സിഡി തുക കൈപ്പറ്റിയ വ്യക്തിയുടേയും അപേക്ഷയിലെ വ്യക്തിയുടേയും പേരുകൾ വ്യത്യസ്തമാണ്. ഒരാളാണെന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. 30,000/- രൂപ തടസ്സപ്പെടുത്തുന്നു. | 3-4 |
| 23 | വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ കൈപ്പറ്റു രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. | 3-5 |
| 24 | ഭവന പുനരുദ്ധാരണം – അർഹമായ ധനസഹായം നൽകിയിട്ടില്ല | 3-6 |
| 25 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ – രേഖകൾ ഹാജരാക്കിയിട്ടില്ല – 71,61,354/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-7 |
| 26 | പെയിൻ ആന്റ് പാലിയേറ്റീവ് – മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല – 1,22,800/- രൂപ തടസ്സപ്പെടുത്തുന്നു | 3-8 |
| 27 | അംഗൻവാടി വർക്കർ ഹെൽപ്പർ ഹോണറേറിയം – തുക കൈപ്പറ്റിയതായി കാണുന്നില്ല – 174175/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-9 |
| 28 | വയോജനക്ഷേമം – രേഖകൾ ഹാജരാക്കിയിട്ടില്ല – 2,60,303/- രൂപ തടസ്സപ്പെടുത്തുന്നു | 3-10 |
| 29 | വിവാഹ ധനസഹായം – രേഖകൾ ഹാജരാക്കിയിട്ടില്ല – 5,50,000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-11 |
| 30 | ഗാലസ നെൽകൃഷി – രേഖകൾ ഹാജരാക്കുന്നതിലെ അപാകതകൾ - 3,86,054/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 3-12 |

| | | |
|---|---|---|
| 31 | കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികളിലെ ചെലവു രേഖകൾ ഹാജരാക്കിയിട്ടില്ല – 32,44,900/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-13 |
| 32 | പച്ചക്കറി കൃഷി (വനിത) – 1900/- രൂപയുടെ ചെലവ് നിരാകരണം – 36,100/- രൂപയുടെ ചെലവ് തടസ്സം | 3-14 |
| 33 | കവുങ്ങു കർഷകർക്ക് ധനസഹായം – വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല – ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3-15 |
| 34 | വനിത ജാതി കൃഷി – വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല – 6,01,710/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | 3-16 |
| 35 | തെങ്ങു പുരയിടകൃഷി -വളം വിതരണ രേഖകൾ ഹാജരാക്കിയിട്ടില്ല ചെലവുതുക 243200 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. | 3-17 |
| 36 | പ്രൊഡക്ഷൻബോണസ് - തുക കൈപ്പറ്റിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. 403188 രൂപതടസ്സപ്പെടുത്തുന്നു. | 3-18 |
| 37 | മരാമത്ത് പ്രവൃത്തി-പൊളിച്ചുമാറ്റിയ ഇഷ്ടിക,റൂഫിംഗ് ഷീറ്റ് എന്നിവ ലേലം ചെയ്യുകയോ വീണ്ടും ഉപയോഗിക്കുകയോ ചെയ്തില്ല. | 3-19 |
| 38 | ഹഡ്കോ ഭവന വായ്പ തുക തിരിച്ചടച്ചത്-ഗ്രാമപഞ്ചായത്തിന് വികസനഫണ്ടും തനതുഫണ്ടും നഷ്ടമായി | 3-20 |
| 39 | കാവനാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി-സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം പഞ്ചായത്തിന്റെ ആസ്തിയിൽ കൂട്ടിച്ചേർത്തില്ല | 3-21 |
| 40 | ക്ഷേമ പെൻഷൻ -അപാകത | 3-22 |
| | ഭാഗം – 4 | |
| 41 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 42 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |

| | | |
|---|---|---|
| 43 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയതിന്റെ വിവരം | 4-3 |
| 44 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 45 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 46 | ഓഡിറ്റ് റിക്കവറി | 4-6 |
| 47 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 48 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 49 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 50 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| 2016-17-ലെ ബജറ്റ് പാസ്സാക്കിയ തീരുമാനം/ തീയതി | പുതുക്കിയത് |
|---|---|
| 7/ 5.3.16 | 4(4)/ 13.3.17 |

ബജറ്റ് പ്രകാരം ആകെ വരവ് 18,41,19,488/- രൂപയും ചെലവ് 17,85,37,844/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.16 | 21.07.17 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധന വിവരം.

അക്കൗണ്ട്സ് പരിശോധനയിൽ കണ്ട അപാകതകൾ

2016-17 സാമ്പത്തികവർഷത്തെ വാർഷികകണക്ക് പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

1. ബാലൻസ് ഷീറ്റ് ബി-17, രസീത് ആന്റ് പേയ്മെന്റ് ബി 40(b) എന്നിവയിൽ 987/- രൂപ ബാലൻസ് കാണുന്നു. ആയത് പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

2. എൻ.ആർ.ഇ.ജി.എസ്. കാഷ്ബുക്ക് പ്രകാരം ബാലൻസ് 28900/- രൂപയും അക്കൗണ്ട്സ് പ്രകാരം

ബാലൻസ് 28459/- രൂപയുമാണ് .

3. വസ്തു നികുതി പരിശോധിച്ചതിൽ സാംഖ്യ പ്രകാരവും ഡിമാന്റ് രജിസ്റ്റർ പ്രകാരവും താഴെ പ്പറയുന്ന വ്യത്യാസങ്ങൾ കാണുന്നു.

| വസ്തു നികുതി | | സാംഖ്യ പ്രകാരം | ഡിമാന്റ് രജിസ്റ്റർ പ്രകാരം |
|---|---|---|---|
| ഡിമാന്റ് | റസിഡൻഷ്യൽ | 2789897 | 3310332 |
| | നോൺ റസിഡൻഷ്യൽ | 2295129 | 2711349 |
| കളക്ഷൻ | റസിഡൻഷ്യൽ (കറന്റ്) | 2223178 | 1329065 |
| | റസിഡൻഷ്യൽ (അരിയർ) | 1781666 | 977397 |
| | നോൺ റെസിഡൻഷ്യൽ (കറന്റ്) | 173156 | 865109 |
| | നോൺ റെസിഡൻഷ്യൽ (അരിയർ) | 172745 | 995222 |
| ബാലൻസ് | റസിഡൻഷ്യൽ (കറന്റ്) | 595055 | 1716771 |
| | റസിഡൻഷ്യൽ (അരിയർ) | 1563868 | 3171756 |
| | നോൺ റെസിഡൻഷ്യൽ (കറന്റ്) | 2121973 | 1788693 |
| | നോൺ റെസിഡൻഷ്യൽ (അരിയർ) | 2695281 | 3925377 |

4. നാളിതുവരെയുള്ള ആസ്തി ബാധ്യതകൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല .

2016-17-ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് & പേയ്മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു.

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 40509100 |
| വരവ് | 67561238 |
| ആകെ | 108070338 |
| ചെലവ് | 64320580 |
| നീക്കിയിരിപ്പ് | 43749758 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 22107466 | 22107466 | 15427155 | 6680311 | 69.78 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് എസ്.സി.പി. | 0 | 10440708 | 10440708 | 6131872 | 4308836 | 58.73 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 887484 | 887484 | 181002 | 706482 | 20.39 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 18407442 | 18407442 | 1897948 | 16509494 | 10.3 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 5740488 | 5740488 | 2602150 | 3138338 | 45.3 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12398556 | 12398556 | 6814038 | 5584518 | 54.95 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 7035046 | 7035046 | 431146 | 6603900 | 6.13 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 307 | 133753194 | 90 | 42376365 | 18 | 199 | 27% |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 36 | 30 | 23134210 | 14997504 | 64.83 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 210 | 37 | 71658400 | 7929526 | 11.07 |
| കൃഷി ഓഫീസർ | 8 | 7 | 12297029 | 5245754 | 42.66 |
| വെറ്ററിനറി സർജൻ | 10 | 9 | 5355000 | 2758500 | 51.51 |
| മെഡിക്കൽ ഓഫീസർ | 4 | 3 | 600000 | 542200 | 90.37 |
| വി.ഇ.ഒ. | 7 | 5 | 4882500 | 2009700 | 41.16 |

| | | | | | |
|---|---|---|---|---|---|
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15 | 7 | 10591363 | 7067267 | 66.73 |
| ഹെഡ്മാസ്റ്റർ | 6 | 2 | 2080000 | 418279 | 20.11 |
| ഡയറി എക്സ്റ്റെറൻഷൻ ഓഫീസർ | 1 | 1 | 600000 | 500000 | 83.33 |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 7 | 2554692 | 907625 | 35.53 |
| | 307 | 108 | 133753194 | 42376365 | 31.68 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 29% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4513383 | 6149717 | 1636334 | +36 |
| നികുതിയേതര വരവുകൾ | 2100739 | 2457964 | 325279 | +15 |
| ആകെ | 6614122 | 8607681 | 1961613 | +29 |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 236520 | 151 |
| കർഷകതൊഴിലാളി പെൻഷൻ | 7264310 | 730 |
| വിധവാ പെൻഷൻ | 19877320 | 1557 |
| വാർദ്ധക്യകാലപെൻഷൻ | 40442360 | 3960 |
| വികലാംഗപെൻഷൻ | 4964855 | 458 |
| 50 വയസ്സിനു മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2293620 | 181 |
| വിധവകളുടെ പെൺമക്കൾക്കുള്ള | 660000 | 22 |

| | | |
|---|---|---|
| വിവാഹധനസഹായം | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.17-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 44223/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 9.8.17 | 7/17 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 29.1.13 | 2007-08 മുതൽ 2011-12 വരെ | 27.3.13 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്

ഫീൽഡ് വെരിഫിക്കേഷൻ നടത്തി വാർഡ് അടിസ്ഥാനത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിന്റെ ഡി.ആന്റ്.ഒ. ലൈസൻസ് ഫീ ഡിമാന്റിലെ കൃത്യത ഉറപ്പാക്കുന്നതിന് ഫീൽഡ് വെരിഫിക്കേഷൻ നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതും അനുമതിയില്ലാതെ യാതൊരു സ്ഥാപനവും പ്രവർത്തിക്കുന്നില്ലായെന്ന് ഗ്രാമപഞ്ചായത്ത് ഉറപ്പാക്കേണ്ടതും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 തൊഴിൽ നികുതി അടവാക്കിയില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം താഴെപ്പറയുന്ന സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | കെ.ജെ. ഹോസ്പിറ്റൽ | I |
| 2 | മൂന്നുമുറി മേഖല വനിത സഹകരണസംഘം | II |
| 3 | VFPCK സ്വാശ്രയ സമിതി കോടാലി | I |
| 4 | സീസർ പാലസ് കോടാലി | I |

തുക അടവാക്കുന്നതിന് കത്തയച്ചിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-3 പരസ്യ നികുതി ബൈലോ തയ്യാറാക്കി അംഗീകാരം വാങ്ങേണ്ടതാണ്

പഞ്ചായത്ത് നേരിട്ട് പരസ്യ നികുതി പിരിക്കുന്നതിന് ബൈലോ തയ്യാറാക്കുന്നതിന് ധനകാര്യ കമ്മിറ്റിയെ ചുമതലപ്പെടുത്തി 24.06.16-ന് തീരുമാനം എടുത്തു കാണുന്നു. എന്നാൽ തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. ബൈലോ തയ്യാറാക്കേണ്ടതും ബൈലോയ്ക്ക് അംഗീകാരം വാങ്ങേണ്ടതുമാണ്.

## 2-4 പെർമിറ്റ് ഫീ കുറവായി ഈടാക്കി

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 11(3) പ്രകാരം കാറ്റഗറി 2 ഗ്രാമപഞ്ചായത്തുകളിൽ A1 ഒക്യുപ്പൻസിയിൽ വരുന്ന കെട്ടിടങ്ങൾക്ക് ബാധകമായിട്ടുള്ള പെർമിറ്റ് ഫീ ഒരു ചതുരശ്രമീറ്ററിന് 3 രൂപയാണ്. എന്നാൽ താഴെപ്പറയുന്ന താമസാവശ്യത്തിനുള്ള കെട്ടിടങ്ങളിൽ നിന്ന് ചതുരശ്രമീറ്ററിന് 1.5 രൂപ വീതമേ പെർമിറ്റ് ഫീ ഈടാക്കിയിട്ടുള്ളൂ.

1. ഓഡിറ്റ് അന്വേഷണത്തെ തുടർന്ന് താഴെപ്പറയുന്ന കെട്ടിടങ്ങളുടെ പെർമിറ്റ് ഫീ ഈടാക്കുന്നതിൽ കുറവു വന്ന തുക ഈടാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| പെർമിറ്റ് നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം $m^2$ | ഈടാക്കിയ തുക | രശീതി നമ്പർ | കുറവ് |
|---|---|---|---|---|---|
| 35/30.04.16 | അജി പുന്നക്കൽ | 128.01 | 192 | 11603100759 | 192 |
| 38/11.05.16 | റഹ്മത്ത് കൊട്ടിപറമ്പിൽ | 124.97 | 188 | 117030102610 | 188 |
| 49/10.05.16 | കാഞ്ചന പാലയ്ക്കപറമ്പിൽ | 120.61 | 181 | 11703010620 | 181 |
| 71/25.07.16 | ജോൺപോൾ | 107.42 | 162 | 11603102651 | 162 |

2. താഴെപ്പറയുന്ന കെട്ടിട ഉടമയിൽ നിന്നും ഈടാക്കുവാൻ കുറവു വന്ന പെർമിറ്റ് ഫീ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

| പെർമിറ്റ് | കെട്ടിട ഉടമ | വിസ്തീർണ്ണം | ഈടാക്കിയ | കുറവ് |
|---|---|---|---|---|

| നമ്പർ | | $m^2$ | തുക | |
|---|---|---|---|---|
| 1/18.04.16 | സുരേഷ് താമേരി | 100.28 | 150 | 150 |

## 2-5 തെറ്റായ പ്ലാനിന് അംഗീകാരം

വെള്ളിക്കുളങ്ങര വില്ലേജിൽ 225/80 സർവ്വെ നമ്പറിൽ ഷാഹുൽ, വലിയവീട്ടിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള 521.85 $m^2$ വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിന് A1-5060/16/4.05.16 നമ്പറായി ബിൽഡിംഗ് പെർമിറ്റ് നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ വ്യാപ്തി 54.72 % എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഓവർസിയറുടെ റിപ്പോർട്ട് പ്രകാരമുള്ള കെട്ടിടത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

പ്ലോട്ട് വിസ്തീർണ്ണം 384 $m^2$

കെട്ടിട വിസ്തീർണ്ണം 521.85$m^2$

GF 252.53

FF 252.53

SR 16.79

FAR 1.36

Coverage 54.72

കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 35 പ്രകാരം ഓരോ കൈവശാവകാശത്തിനും അനുവദിച്ചിട്ടുള്ള വ്യാപ്തിയുടെ പരമാവധി ശതമാനം ഓരോ കെട്ടിടത്തിന്റെ ഏതെങ്കിലും നിലയുടെ പരമാവധി വിസ്തീർണ്ണത്തിൽ പരിമിതപ്പെടുത്തേണ്ടതാണ്. കാറ്റഗറി 2 പഞ്ചായത്തുകളിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് പരമാവധി അനുവദനീയമായ വ്യാപ്തി 55 ആണ്.

ചട്ടപ്രകാരം കണക്കാക്കുമ്പോൾ ടി കെട്ടിടത്തിന്റെ വ്യാപ്തി 252.53 x 100/384 =65.76 ആകുന്നതാണ്. എന്നാൽ തെറ്റായി കവറേജ് രേഖപ്പെടുത്തി കാണുന്നു. മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് passage area കൂടി Builtup area-യിൽ ഉൾപ്പെടുത്തി കാണുന്നുണ്ടെന്നും ആയതു പ്രകാരം കവറേജ് കണക്കാക്കുമ്പോൾ അത് KPBR-ന് വിരുദ്ധമാണെന്നും മറുപടി നൽകി. പ്ലാനിൽ രേഖപ്പെടുത്തിയ passage ഒഴിവാക്കി കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിധേയമായി Revised plan സമർപ്പിക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും സ്ഥല പരിശോധനയിൽ കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ലെന്നും അസിസ്റ്റന്റ് എഞ്ചിനീയർ മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

സൈറ്റ് പ്ലാനും ഡ്രോയിങ്ങും കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് അനുരൂപമാണെന്ന് ബോധ്യമാകുന്ന പക്ഷമേ അംഗീകാരം നൽകേണ്ടതുള്ളൂവെന്ന് കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 11-ൽ വ്യക്തമാക്കുന്നുണ്ട്. ചട്ടങ്ങൾക്കും നിയമങ്ങൾക്കും വിധേയമാണെന്ന് ഉറപ്പാക്കിയതിനുശേഷം പ്ലാനുകൾക്ക് അംഗീകാരം നൽകാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്. കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 23 പ്രകാരം ചട്ടങ്ങളും നിയന്ത്രണങ്ങളും ലംഘിച്ചുകൊണ്ടുള്ള ഏതൊരു അംഗീകാരത്തിനും

തുടർന്നുള്ള നിർമ്മാണങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഉത്തരവാദികളായി തീരുന്നതാണ്.

## 2-6 വസ്തുനികുതി നിർണ്ണയം-അപാകത

മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ 100$m^2$-ന് മുകളിൽ വാണിജ്യ ആവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ വസ്തുനികുതി ചതുരശ്രമീറ്ററിന് 50 രൂപയാണ്. എന്നാൽ താഴെപ്പറയുന്ന 100 $M^{2-}$ന് മുകളിലുള്ള ഇത്തരത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നത് 100 $M^2$-ന് താഴെയുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്ററിന് 40 രൂപ നിരക്കിലാണ്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | കെട്ടിട ഉടമ | വിസ്തീർണ്ണം $m^2$ | സഞ്ചയയിലെ രേഖപ്പെടുത്തൽ |
|---|---|---|---|
| 15/295 | ബാലൻ (തിയ്യാരത്ത് വീട്) | 104.4 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| 15/462 | ഷഫീക്ക് (വാക്കാമഠംവീട്, കോടാലി) | 138 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| 15/467 | വർഗ്ഗീസ് (ചാലമറ വീട്, മറ്റത്തൂർ പി.ഒ.- 680684) | 107 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| 15/515 | ശശിധരൻ (എരുമക്കാടൻ വീട്) | 104 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| 15/670A | വർഗ്ഗീസ്സ് (കൊട്ടേക്കാട്ടുക്കാരൻ) | 127.9 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| 6/1140A | സിദ്ദിക്ക് ഭാര്യ ബൽക്കിസ് (ചിറയിൽ വീട്, കോപ്ലിപ്പാടം), ഷംസുദ്ദീൻ ഭാര്യ സൈബുന്നിസ | 120.62 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |

| | | | |
|---|---|---|---|
| | (കുണ്ടുവായിൽ വീട്, കാരിക്കുളം, പാലപ്പിള്ളി പി.ഒ.) | | |
| 6/1140B | സിദ്ദിക്ക് ഭാര്യ ബൽക്കിസ് (ചിറയിൽ വീട്, കോപ്ലിപ്പാടം), ഷംസുദ്ദീൻ ഭാര്യ സൈബുന്നിസ (കുണ്ടുവായിൽ വീട്, കാരിക്കുളം, പാലപ്പിള്ളി.പി.ഒ.) | 105.77 | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |

തെറ്റായ നികുതി നിർണ്ണയം മൂലം ഗ്രാമപഞ്ചായത്തിന് ഗണ്യമായ നികുതി നഷ്ടം ഉണ്ടായിട്ടുണ്ട്. വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ കണ്ടെത്തേണ്ടതും കുറവ് വന്ന തുക ഈടാക്കി തനതുവരുമാനം ഉറപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 ഇ-ടെണ്ടർ ഫീസിനത്തിൽ ലഭിക്കേണ്ട തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല

2016-17 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 99645/- രൂപ എൽ.എസ്.ജി.ഡി. ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേയ്ക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പൊതു ടാപ്പുകളുടെ വെള്ളക്കരം- അധികം തുക അടയ്ക്കുന്നു

ഗ്രാമപഞ്ചായത്ത് തനതു ഫണ്ടിൽ നിന്നും 450 പൊതു ടാപ്പുകളുടെ വെള്ളക്കരമായി പ്രതിമാസം 196875/- രൂപ (450 @5250/12) വീതമാണ് വാട്ടർ അതോറിറ്റിയിൽ അടച്ചുവന്നിരുന്നത്. 10.12.13-ൽ നടത്തിയ സംയുക്ത പരിശോധന പ്രകാരമാണ് പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം 450 ആയി നിജപ്പെടുത്തിയത്. 4.7.16-ലെ വാട്ടർ അതോറിറ്റിയുടെ ബിൽ പ്രകാരം 506 പൊതു ടാപ്പുകളുണ്ടെന്നും വെള്ളക്കര കുടിശ്ശിക തുക അടയ്ക്കുവാൻ നിർദേശിച്ചതിനെ തുടർന്ന് 12/16 മുതൽ കുടിശ്ശിക തുക അടയ്ക്കുകയും തുടർന്ന് വർദ്ധിപ്പിച്ച നിരക്കിൽ 223125/- രൂപ വീതം പ്രതിമാസം അടച്ചുവരുന്നു. 9.11.16-ൽ കൂടിയ പഞ്ചായത്തു കമ്മറ്റി വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച നിജസ്ഥിതി അറിയുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ഓഡിറ്റ് കാലയളവിലും സംയുക്ത പരിശോധന നടത്തിയിട്ടില്ല. സംയുക്ത പരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താതെ വെള്ളക്കരം വർദ്ധിപ്പിച്ച് നല്കിയ നടപടി ക്രമപ്രകാരമല്ല. സംയുക്ത പരിശോധന നടത്തി, പൊതു ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയശേഷം അധിക തുക അടവാക്കിയിട്ടുണ്ടെങ്കിൽ ആയത് തിരികെ ലഭിയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിയ്ക്കേണ്ടതാണ്. മേൽ വിഷയത്തിൽ നല്കിയ

ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-2 കോടാലി -ടാക്സിസ്റ്റാന്റ് കം ബൈപാസ് റോഡ് തുടർ നടപടി

മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ കോടാലി സെന്ററിൽ 80 സെന്റിൽ കുറയാത്ത സ്ഥലം ടാക്സിസ്റ്റാന്റ് കം ബൈപാസ് റോഡിന് വേണ്ടി ഏറ്റെടുക്കുന്നതിന് 2007-08 വാർഷിക പദ്ധതിയിൽ 8053/08 പദ്ധതി ആസൂത്രണം ചെയ്തു. സ്ഥലമെടുപ്പിനായി 4300000/- രൂപ സ്പെഷൽ തഹസീൽദാർക്ക് കൈമാറി. തദ്ദേശസ്വയം ഭരണവകുപ്പിന്റെ സ.ഉ(സാധാ) 4395/2008/തസ്വഭവ ഉത്തരവ് പ്രകാരം അക്വിസിഷൻ നടപടികൾ പൂർത്തീകരിക്കുകയും മറ്റത്തൂർ വില്ലേജിലെ 592, 593 സർവ്വെ നമ്പറുകളിലുള്ള 0.3088 ഹെക്ടർ ഭൂമി മറ്റത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുള്ളതുമാണ്. എന്നാൽ ഈ സ്ഥലം നാളിതുവരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിലേക്ക് മാറ്റിയിട്ടില്ല. അക്വയർ ചെയ്ത സ്ഥലം സെക്രട്ടറിയുടെ പേരിലേക്ക് മാറ്റുന്നതിന് ലാന്റ് അക്വിസിഷൻ തഹസിൽദാർക്കും മറ്റത്തൂർ വില്ലേജ് ഓഫീസിലേക്കും കത്ത് നൽകിയിട്ടുണ്ടെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചു. തുടർ നടപടി സ്വീകരിച്ച് വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ ചേർത്ത് നികുതി തീർത്ത് രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-3 എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല

പ്രോജക്ട് നമ്പർ – 107/16-17

ബിൽ നമ്പർ – 1/16-17

തുക – 168879/7.11.16

എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം എന്ന പദ്ധതി 15-16 സാമ്പത്തിക വർഷം S0121/16 പ്രോജക്ടായി വിഭാവന ചെയ്ത് അംഗീകാരം നേടിയിട്ടുള്ളതാണ്. ഇതിനായി 10.2.16-ന് ടെണ്ടർ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ പദ്ധതി സ്പിൽ ഓവറായി 16-17-ൽ നടപ്പാക്കുകയാണുണ്ടായത്. മേൽ പദ്ധതിക്കായി 168879/- രൂപ 7.11.16 ചെലവഴിച്ചു. സൈക്കിൾ കൈപ്പറ്റിയ വിദ്യാർത്ഥികൾ മാർച്ച് 2016-ന് പത്താംതരം പഠനം പൂർത്തിയാക്കിയിട്ടുള്ളതാണ്. എന്നാൽ വിദ്യാർത്ഥികൾക്ക് സൈക്കിൾ ലഭ്യമായിട്ടുള്ളത് പത്താം തരം പൂർത്തിയാക്കിയതിനു ശേഷം മാത്രമാണ്. സമർത്ഥരായ പട്ടിക ജാതി പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് വേണ്ടി തയ്യാറാക്കിയ ഈ പദ്ധതിക്ക് ഉദ്ദേശലക്ഷ്യം ഉറപ്പാക്കാനായില്ല. പദ്ധതികൾ കാലതാമസം കൂടാതെ നടപ്പാക്കുന്നതിന് ഉദ്യോഗസ്ഥർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 3-4 പശു പളർത്തൽ വനിത (എസ്.സി.)- സബ്സിഡി തുക കൈപ്പറ്റിയ വ്യക്തിയുടേയും അപേക്ഷയിലെ വ്യക്തിയുടേയും പേരുകൾ വ്യത്യസ്തമാണ്. ഒരാളാണെന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല - 30000/- രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ – so123/17

ട്രഷറി ബിൽ നമ്പർ – 4/16-17/31.3.17/100000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ – വെറ്ററിനറി സർജ്ജൻ

മേൽ പ്രോജക്ടിലെ ഗുണഭോക്താവായ വള്ളിയമ്മ നെടുമ്പള്ളി എന്നവർ പശുവിനെ വാങ്ങിയത് സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ നിന്നും അപേക്ഷ പ്രകാരം ജോസഫ് ചെറക്കപ്പറമ്പിൽ എന്ന വ്യക്തിയിൽ നിന്നുമാണ് പശുവിനെ വാങ്ങിയിരിക്കുന്നത്. പർച്ചേസ് കമ്മറ്റി തീരുമാനപ്രകാരം പശുവിനെ വാങ്ങിയിരിക്കുന്നത് കുഞ്ഞൂഞ്ഞ് ചെറക്കപ്പറമ്പിൽ എന്ന വ്യക്തിയിൽ നിന്നുമാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം തുക നൽകിയിരിക്കുന്നത് പീറ്റർ എന്ന വ്യക്തിക്കുമാണ് . മേൽപ്പറഞ്ഞത് ഒരാളാണെന്നു തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

## **3-5** <u>വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ പദ്ധതികൾ കൈപ്പറ്റു രസീതി, വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല</u>

വെറ്ററിനറി സർജ്ജൻ നടപ്പാക്കിയ പദ്ധതികളുടെ കൈപ്പറ്റു രസീതി .തുക വിനിയോഗസാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല-700000 രൂപ തടസ്സപ്പെടുത്തുന്നു

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പ്രോജക്ട് | ബിൽ നമ്പർ | തുക നൽകിയത് | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | എ.ബി.സി. പദ്ധതി<br>പ്രോജക്ട് നമ്പർ- s0132/17 | 1/16-17/ 14.3.17/<br>75000 രൂപ | തെരുവു നായ്ക്കളുടെ നിയന്ത്രണത്തിനായി ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ | കൈപ്പറ്റു രസീതി, തുക വിനിയോഗസാക്ഷ്യപത്രം |
| 2 | കന്നുകുട്ടി പരിപാലനം<br>പ്രോജക്ട് നമ്പർ- s0132/17 | 2/16-17/ 23.3.17/<br>625000 രൂപ | എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ | വിനിയോഗ സാക്ഷ്യപത്രം |
| | ആകെ | 700000/- രൂപ | | |

രേഖകൾ ഹാജരാക്കുന്നതു വരെ 700000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

## **3-6** <u>ഭവന പുനരുദ്ധാരണം -അർഹമായ ധനസഹായം നൽകിയിട്ടില്ല</u>

പ്രോജക്ട് നമ്പർ – s0072/17
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ.

ട്രഷറി ബിൽ നമ്പർ – 6/16-17/7.3.17 - 100000

8/16-17/13.3.17 - 100000

9/16 -17/16.3.17 - 150000

12/16-17/27.3.17 - 200000

16/16-17/31.3.17 - 140000

മേൽ പ്രോജക്ട് പ്രകാരം 69 പേർക്ക് 10000/- രൂപ വീതം നൽകുകയാണ് ചെയ്തിരിക്കുന്നത്. സബ്സിഡി മാർഗ്ഗരേഖ ജി.ഒ. (എം.എസ്)4/16 ത.സ്വ.ഭ.വ. 11.1.16 പ്രകാരം ഭവന പുനരുദ്ധാരണത്തിനായി 25000/- രൂപ നൽകാവുന്നതാണ്. ഈ പ്രോജക്ടിനായി വകയിരുത്തിയ 1150000/- രൂപയിൽ 690000/- രൂപ മാത്രമാണ് ചെലവഴിച്ചിരിക്കുന്നത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നത് പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരമാണ് 10000/- രൂപ വീതം നൽകിയതെന്നാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ അതിന് അനുബന്ധമായ സർക്കാർ ഉത്തരവുകൾ പാലിച്ച് അതിനനുസൃതമായി നടപ്പാക്കാൻ ബന്ധപ്പെട്ടവർ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ -രേഖകൾ ഹാജരാക്കിയിട്ടില്ല-7161354രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നടപ്പാക്കിയ താഴെപ്പറയുന്ന പദ്ധതികളുടെ രേഖകൾ ഹാജരാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/ പ്രോജക്ട് | ബിൽ നമ്പർ | തുക നൽകിയത് | ലഭ്യമാക്കേണ്ട രേഖകൾ |
|---|---|---|---|---|
| 1 | 76/17<br>ഐ.കെ.എം. ഷെയർ | 14/16-17/ 15.12.16/ 193000 രൂപ | ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം | കൈപ്പറ്റ് രസീതി ഇല്ല |
| 2 | 77/17<br>ആശ്രയ | 28/16-17/ 18.3.17/ 200000 രൂപ | കുടുംബശ്രീ മെമ്പർ സെക്രട്ടറി | കൈപ്പറ്റുരസീതി, ചെലവുരേഖകൾ, വിനിയോഗ സാക്ഷ്യപത്രം |
| 3 | 98/17<br>സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ | 26/16-17/ 13.3.17/ 1000000 രൂപ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചാലക്കുടി | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 4 | 100/17<br>ഐ.എ.വൈ (ജനറൽ) | 17/16-17/ 25.2.17/<br>300000 രൂപ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി,<br>കൊടകര | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 5 | 137/17<br>കാരിക്കടവ് പട്ടികവർഗ്ഗ കോളനിയിലേക്ക് സ്ട്രീറ്റ് മെയിൻ വലിക്കൽ | 32/16-17/<br>21.3.17/<br>30000 രൂപ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചാലക്കുടി | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 6 | 294/17<br>സ്ട്രീറ്റ്മെയിൻ ദീർഘിപ്പിക്കൽ | 31/16-17/<br>21.3.17/<br>2036972 രൂപ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചാലക്കുടി | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 7 | 134/17<br>ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംഗ് | 33/16-17/<br>23.3.17/<br>16316 രൂപ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചാലക്കുടി | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 8 | 293/17<br>പി.എം.എ.വൈ അധിക വിഹിതം | 23/16-17/<br>27.2.17/<br>42000രൂപ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, കൊടകര | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 9 | 286/17<br>ഐ.എ.വൈ അധികവിഹിതം (എസ്.സി) | 24/16-17/<br>27.2.17/<br>1544000 രൂപ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, കൊടകര | കൈപ്പറ്റുരസീതി, വിനിയോഗസാക്ഷ്യപത്രം |
| 10 | 138/17<br>തേവർപ്പാടം കുടിവെള്ള പദ്ധതി | 25/16-17/<br>14.3.17/<br>65000 രൂപ | എ.ഇ.,<br>വാട്ടർ അതോറിറ്റി, ചാലക്കുടി | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| 11 | So111/17<br>ഹോമിയോ മരുന്ന്, കുപ്പികൾ, ത്രാസ്സ് | 27/16-17/ 18.3.17/ 195000 രൂപ | ഹോംകോ | മരുന്നുകൾ ലഭിച്ചിട്ടില്ല |
| 12 | So119/17<br>അഡീഷണൽ ഷിഫ്റ്റ് പമ്പിംഗ് | 10/16-17/ 11.12.16/ 481578 രൂപ | എ.ഇ., വാട്ടർ അതോറിറ്റി, ചാലക്കുടി | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 13 | So292/17<br>വഴിവിളക്ക്- സൂപ്പർവിഷൻ ചാർജ്ജ് | 30/16-17/ 21.3.17/ 67488 രൂപ | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇലക്ട്രിക്കൽ ഡിവിഷൻ, ചാലക്കുടി | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 14 | 101/17 ഐ.എ.വൈ. (എസ്.സി) | 18/16-17/ 20.2.17/ 440000 രൂപ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, കൊടകര | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |
| 15 | 266/17<br>ഒമ്പതുങ്ങൽ കുടിവെള്ള പദ്ധതി | തനതുഫണ്ട്<br>വൗച്ചർനമ്പർ- 21600784/ 21.2.17/<br>550000 രൂപ | എ.ഇ.,<br>വാട്ടർ അതോറിറ്റി, ചാലക്കുടി | കൈപ്പറ്റുരസീതി, വിനിയോഗ സാക്ഷ്യപത്രം |

രേഖകൾ ഹാജരാക്കുന്നതു വരെ ഈയിനത്തിൽ ചെലവഴിച്ച 7161354/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## **3-8** പെയിൻ ആന്റ് പാലിയേറ്റീവ് - മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല - **122800/-** രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നമ്പർ - s0094/17

ട്രഷറി ബിൽ നമ്പർ - 6/16-17/24.3.17/ 122800/-

നിർവഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ, സി.എച്ച്.സി.

മരുന്നുകൾ ലഭ്യമാക്കുന്നതിനായി 122800/- രൂപ കേരളാ മെഡിക്കൽ സർവീസസ് കോർപ്പറേഷൻ, തൈക്കാടിനു നൽകിയിട്ടുണ്ട്. നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും അല്ലാത്തപക്ഷം ഈയിനത്തിൽ ചെലവഴിച്ച 122800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## **3-9** അംഗൻവാടി വർക്കർ ഹെൽപ്പർ ഹോണറേറിയം - തുക കൈപ്പറ്റിയതായി കാണുന്നില്ല - **1,74,175/-** ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

SO 112/17

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഐ.സി.ഡി.എസ്. സൂപ്പർവൈസർ

എ) ട്രഷറി ബിൽ നമ്പർ – 1/16-17/21.11.16 - 690581

മേൽ തുക ഏപ്രിൽ, മെയ് മാസങ്ങളിലെ ഹോണറേറിയം നൽകുന്നതിനാണ് വിനിയോഗിച്ചിരിക്കുന്നത്. അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന അംഗൻവാടി വർക്കർമാരും ഹെൽപ്പർമാരും തുക കൈപ്പറ്റിയതായി കാണുന്നില്ല.

| ക്രമനമ്പർ | അംഗൻവാടി നമ്പർ | പേര് | തുക |
|---|---|---|---|
| 1 | 37 | അമ്മിണി,<br>അംഗൻവാടി വർക്കർ | 7070 |
| 2 | 71 | പാത്തുമ്മ,<br>അംഗൻവാടി വർക്കർ | 8800 |
| 3 | 61 | ആമിന.കെ.എച്ച്.,<br>അംഗൻവാടി വർക്കർ | 6600 |
| 4 | 34 | ഡാർലി.എം.റ്റി.,<br>അംഗൻവാടി ഹെൽപ്പർ | 2329 |

| | | | |
|---|---|---|---|
| 5 | 35 | രാമില.വി.ആർ.,<br>അംഗൻവാടി ഹെൽപ്പർ | 2329 |
| 6 | 35 | സിന്ധു.സി.എം.,<br>അംഗൻവാടി ഹെൽപ്പർ | 773 |
| 7 | 41 | ഓമന.ഇ.വി.,<br>അംഗൻവാടി ഹെൽപ്പർ | 5800 |
| 8 | 37 | ഉഷ.ഇ.സി.,<br>അംഗൻവാടി ഹെൽപ്പർ | 5800 |
| 9 | 42 | ശോഭന.പി.ആർ.,<br>അംഗൻവാടി ഹെൽപ്പർ | 4611 |
| 10 | 55 | രാധ.എൻ.കെ.,<br>അംഗൻവാടി ഹെൽപ്പർ | 5800 |
| 11 | 61 | പ്രിൻസി.കെ.റ്റി.,<br>അംഗൻവാടി ഹെൽപ്പർ | 5800 |
| 12 | 62 | പ്രിയാലക്ഷ്മി.പി.,<br>അംഗൻവാടി ഹെൽപ്പർ | 5800 |
| 13 | 67 | ഫാത്തിമ സുഹറ,<br>അംഗൻവാടി ഹെൽപ്പർ | 2329 |
| 14 | 76 | ലതാ മോഹൻദാസ്,<br>അംഗൻവാടി ഹെൽപ്പർ | 5800 |
| | | | 61512 |

ബി) ട്രഷറി ബിൽ നമ്പർ – 4/16-17/28.2.17- 396177/-

തനതുഫണ്ട് – 467394 രൂപ

ചെക്ക് നമ്പർ – 1841430/25.2.17

| ക്രമ നമ്പർ | അംഗൻവാടി നമ്പർ | പേര് | തുക |
|---|---|---|---|
| 1 | 33 | ഷീല.കെ.എ.,<br>അംഗൻവാടി വർക്കർ | 11000 |
| 2 | 34 | ഷീല.കെ.ആർ.,<br>അംഗൻവാടി വർക്കർ | 11000 |

| | | | |
|---|---|---|---|
| 3 | 35 | നിഷ.സി.എസ്., അംഗൻവാടി വർക്കർ | 11000 |
